DESPATCHED
On 14/02/2020
9.1.20

# സംസ്ഥാന വിവരാവകാശ കമ്മിഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic@kerala.nic.in

**ഹർജി നമ്പർ.എ.പി.479(3)/2015/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 3156/എസ്.ഐ.സി.ജി1/2015)**

**സന്നിഹിതൻ**

ശ്രീ. എസ് സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. റ്റി.വി.ജോർജ്ജ്,
തെക്കിനേടത്ത് ഹൗസ്, മാർക്കറ്റ് റോഡ്,
നോർത്ത് പറവൂർ – 683 513. } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
എഞ്ചിനീയറിംഗ് വിഭാഗം,
വടക്കൻ പറവൂർ നഗരസഭ, എറണാകുളം.

2) അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി,
വടക്കൻ പറവൂർ നഗരസഭ,
എറണാകുളം. } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/11/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 16/12/2014 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/12/2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14/01/2015 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25/02/2015 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 27/02/2015 |
| ഹിയറിംഗ് ദിവസം | 09/01/2020 |
| സ്ഥലവും രീതിയും | പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് ഹാൾ, എറണാകുളം. |
| ഹാജർ | ശ്രീമതി. രോഹിണി അസി.എഞ്ചിനീയർ & എസ്.പി.ഐ.ഒ. |

ഹർജിക്കാരനായ ശ്രീ. റ്റി.വി. ജോർജ്ജ് വാദിയായി വടക്കൻ പറവൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സർവ്വെ നമ്പർ 242/20 ൽ പെട്ട പുറമ്പോക്ക് ഭൂമിയിൽ കൈയ്യേറ്റം നടത്തി വീട് പണിയുന്നതിനെതിരെ പറവൂർ മുനിസിപ്പൽ കോടതിയിൽ ഒ.എ സ്. 583/2013 നമ്പറായി കേസ് നിലവിലുള്ളതിനാൽ കൈയ്യേറ്റ ഭൂമിയിൽ പണിയുന്ന കെട്ടിടത്തിന്റെ പ്ലാനിന്റെ കോപ്പി, കെട്ടിടം പണിയുന്ന വസ്തുവിന്റെ ആധാരത്തിന്റെ കോപ്പി, കരം അടച്ച രസീതിന്റെ കോപ്പി, റോഡ് പുറമ്പോക്കിന്റെ സ്കെച്ച് തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് വടക്കൻ പറവൂർ മുനിസിപ്പൽ ഓഫീസിലെ എസ്.പി. ഐ.ഒ. ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീ ലിനും ലഭിച്ച മറുപടികൾ തൃപ്തികരമായിരുന്നില്ല എന്ന് ആരോപിച്ചുകൊണ്ടാണ് ശ്രീ. റ്റി.വി ജോർജ്ജ് കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്.

2. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളിൽ ഹർജിക്കാരന്റെ എതിർകക്ഷി യായ വെട്ടുവേലിൽ വർക്കി മകൻ ജോണിന്റെ വീടു നിർമ്മാണത്തിനായുള്ള അംഗീകൃത പ്ലാനിന്റെയും, വസ്തുവിന്റെ ആധാരത്തിന്റെയും പകർപ്പുകൾ ഒഴികെ മുനിസിപ്പാലിറ്റി യിൽ ലഭ്യമായ മറ്റു രേഖകൾ വിവരാവകാശ നിയമപ്രകാരമുള്ള ഫീസായ 6/-രൂപ അടച്ച് കൈപ്പറ്റുവാൻ എസ്.പി.ഐ.ഒ. ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനും, ആധാരത്തിന്റെ പകർപ്പും വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്നതിനാൽ നൽകേണ്ടതില്ല എന്ന എസ്.പി.ഐ.ഒ. യുടെ തീരു മാനം അപ്പീൽ അധികാരിയും ശരി വയ്ക്കുകയായിരുന്നു. അതോടൊപ്പം ഹർജിക്കാരൻ ആവശ്യപ്പെട്ട റോഡ് പുറമ്പോക്കിന്റെ സ്കെച്ച് പറവൂർ വില്ലേജ് ഓഫീസിൽ ലഭ്യമായ വിവരമായതിനാൽ പ്രസ്തുത രേഖയുടെ പകർപ്പ് ഹർജിക്കാരന് നേരിട്ട് ലഭിക്കുന്നതി നായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് പറവൂർ വില്ലേജ് ഓഫീസർക്ക് അയച്ചുകൊടു ത്തിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും മനസ്സിലാ കുന്നത്.


RIGHT TO INFORMATION

3. വീടിന്റെ പ്ലാനും, ഭൂമിയുടെ ആധാരവും സംബന്ധിച്ച് എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും എടുത്ത തീരുമാനം കമ്മീഷനും അംഗീകരിക്കുന്നു. സർവ്വെ നമ്പർ 242/20 ൽ പെട്ട പുറമ്പോക്ക് ഭൂമിയുടെ സ്കെച്ച് പറവൂർ വില്ലേജ് ഓഫീസർ ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. അതിനായി ഈ ഉത്തരവിന്റെ ഒരു പകർപ്പ് പറവൂർ വില്ലേജ് ഓഫീസർക്കും അയച്ചുകൊടുക്കേണ്ടതാണ്.

4. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
Ngn/